ഡിപ്പാർട്ട്മെണ്ടു് സംയോജനം

*൩൨൪. (൩) ശ്രീ. വി. കെ. വറുഗീസു്: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫു് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ഏതെല്ലാം ഡിപ്പാർട്ട്മെൻറുകളുടെ സംയോജനം പൂർത്തിയായി കഴിഞ്ഞു?

ചീഫു് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): വ്യവസായഡിപ്പാർട്ട്മെൻറു് ഒഴികെ ബാക്കിയുള്ള സകല ഡിപ്പാർട്ട്മെൻറുകളുടേയും സംയോജനം പൂർത്തിയായിട്ടുണ്ടു്.

ശ്രീ. വി. കെ. വറുഗീസു്: സപ്ലൈസുസംയോജനം പൂർത്തിയായോ?

ശ്രീ. ടി. കെ. നാരായണപിള്ള: സപ്ലൈസുസംയോജനം നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. വി. കെ. വറുഗീസു്: എതെല്ലാം ഡിപ്പാർട്ട്മെൻറിലെ സപ്ലൈസുസംയോജനം പൂർത്തിയായി എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരു ഡിപ്പാർട്ട്മെൻറിലെയും സപ്ലൈസു സംയോജനം പൂർത്തിയായി എന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. ഡീവർ: എക്സൈസു ഡിപ്പാർട്ട്മെൻറിൻെറ സംയോജനം ഇപ്പോൾ പുനരാലോചന ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ പുനഃപരിശോധനയ്ക്കു വിധേയമായിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: സപ്ലൈസുസംയോജനം എന്നത്തേക്കു പൂർത്തിയാകുമെന്നു പറയാൻ ഭയമുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നതും വേഗത്തിലെന്നു സാമാന്യമായി പറയാനേ നിവൃത്തിയുള്ളൂ.

അടകടി റജിസ്ട്രേഷൻ

*൩൨൫. (൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻറു് വകുപ്പു്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കടിയിറക്കനിരോധന ആക്ടു് എന്നു നിയമമായി;

(ബി) ടി ആക്ടിലെ വ്യവസ്ഥപ്രകാരം ഓരോ ഡിവിഷനിലും എത്ര യെത്ര കടികിടപ്പു് അപേക്ഷ റജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(സി) അടകടി റജിസ്റ്റർ ചെയ്തിട്ടുള്ളതിനുശേഷം എന്തു നടപടികൾ ഗവൺമെണ്ടു് ചെയ്തിട്ടുണ്ടെന്നു പറയുമോ;

(ഡി) അടകടി റജിസ്റ്റർ ചെയ്തതുകൊണ്ടുമാത്രം പലരേയും കുടിയിറക്കിയതായി ഗവൺമെണ്ടിനു് പരാതി ലഭിച്ചിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഫൻ ര ൻ മാച്ചു് ഫൻ ാംനു.

(ബി) തിരുവനന്തപുരം ഫ ര, വ ര ര
കൊല്ലം ഫ ന, ൻ ം ഫ
കോട്ടയം ഫ ന, ഫ ന ര
തൃശ്ശൂർ ൧, ന ം വ

LIBRARY ARCHIVES Kerala Legislative Assembly

(സി) ചോദ്യം വ്യക്തമല്ലാത്തതിനാൽ മറുപടി പറയാൻ സാദ്ധ്യമല്ല.

(ഡി) ഇല്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: രജിസ്റ്റർ ചെയ്തതിനുശേഷം ആ രജിസ്ട്രേഷനെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ അന്വേഷണം നടത്തേണ്ട ആവശ്യമില്ല. രജിസ്റ്റർ ചെയ്യുന്നവർക്ക് അവിടെത്തന്നെ താമസിക്കാം.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: രജിസ്റ്റർ ചെയ്തവരെ ഇറക്കിവിട്ടതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതാണ് ഞാൻ ഇല്ല എന്നു പറഞ്ഞത്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി എത്രയാണ്?

ശ്രീ. എ. ജെ. ജാൺ: കാലാവധി രണ്ടുപ്രാവശ്യം നീട്ടി കൊടുത്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പലർക്കും ഇനിയും രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടില്ലെന്നു അറിയാമോ?

ശ്രീ. എ. ജെ. ജാൺ: എല്ലാവർക്കും രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയാണ് രണ്ടുപ്രാവശ്യം കാലാവധി നീട്ടി കൊടുത്തിട്ടുള്ളത്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: നമ്മുടെ സംസ്ഥാനത്തേക്കു വിട്ടുകിട്ടിയ അഞ്ചുതെങ്ങ്, തങ്കശ്ശേരി, മുതലായ സ്ഥലങ്ങളിലുള്ള ആളുകൾക്കു രജിസ്റ്റർ ചെയ്യുന്നതിനു കാലാവധി ഇനിയും നീട്ടി കൊടുക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. പി. നാണു: രജിസ്റ്റർചെയ്ത എണ്ണം പറഞ്ഞതു് രജിസ്റ്റർ ചെയ്തവരുടെ എണ്ണമോ, രജിസ്റ്റർ ചെയ്യാൻ അപേക്ഷിച്ചിട്ടുള്ളവരുടെ എണ്ണമോ?

ശ്രീ. എ. ജെ. ജാൺ: രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണമാണ്.

ശ്രീ. പി. നാണു: രജിസ്റ്റർ ചെയ്തതിനെ സംബന്ധിച്ചു് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി അറിവില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: രജിസ്റ്റർ ചെയ്തതുകൊണ്ടു് അവർക്കു ഇറങ്ങിപ്പോകേണ്ട ആവശ്യം വരികയില്ലെന്നാണോ ഗവൺമെണ്ടു് പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയാണ് നിയമത്തിലെ വ്യവസ്ഥ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: രജിസ്റ്റർ ചെയ്യാൻ കൊടുക്കുന്ന അപേക്ഷകൾ വളരെയധികം തള്ളിയിട്ടുണ്ടെന്നു ഗവൺമെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: രജിസ്റ്റർ ചെയ്യുന്നതിനു യോഗ്യതയില്ലാത്ത അപേക്ഷകൾ ആയിരിക്കും തള്ളിയിട്ടുള്ളതു്.

ഭൂനികുതി മാനദണ്ഡം

*ന്യ. ന്യ. (വ) ശ്രീ. പി. കെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ദയവുചെയ്തു മറുപടി പറയുമോ.—

(എ) കഴിഞ്ഞ അസംബ്ലിയിൽ ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ഉറപ്പു പറഞ്ഞതനുസരിച്ചു് കൊച്ചിവിഭാഗത്തെ ഭൂനികുതിയിൽ വല്ല കുറവും വരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly